**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **29-08-2022 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴിയിലെ കുപ്പിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പെരുവണ്ണാമൂഴിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച കുപ്പിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | പെരുവണ്ണാമൂഴിയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനു 17 കോടി രൂപ കണക്കാക്കിയിട്ടുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി ജലസേചന വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലുള്ള 3.55 ഏക്കർ സ്ഥലം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് (KIIDC) വിട്ടുനൽകുന്നതിനു അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലം സർവ്വേ ചെയ്ത് സ്കെച്ച് ലഭ്യമാക്കുന്നതിനുവേണ്ടി കൊയിലാണ്ടി തഹസിൽദാർക്ക് കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്റ്റ് അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. സ്ഥലം കൈമാറുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ